ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/07/2015*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*

## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!

*ദയാനന്ദ സന്ദേശം വൈദിക മാസിക*

## ദയാനന്ദ സന്ദേശം വൈദിക മാസിക

**സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**

**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ**
**വൈദിക സിംഹഗർജ്ജനം!**
**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**

**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**
**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ**
**ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 3 ലക്കം 01

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ആഷാഢം – ശ്രാവണം
1190 മിഥുനം – കർക്കിടകം 2015 ജൂലൈ

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-



## ആചാര്യ ആര്യഭാസ്കർജി (1931 – 2013)

**<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ</u>**

| | | |
|---|---|---|
| ജൂലൈ 06 | – | ശ്യാമപ്രസാദ് മുഖർജി ജന്മദിനം |
| ജൂലൈ 19 | – | മംഗൾ പാണ്ഡെ ജന്മദിനം |
| ജൂലൈ 21 | – | ആചാര്യ ആര്യ ഭാസ്കർജി നിർവ്വാണ ദിനം |
| ജൂലൈ 23 | – | ബാലഗംഗാധര തിലക് ജന്മദിനം |
| | | ചന്ദ്രശേഖർ ആസാദ് ജന്മദിനം |
| ജൂലൈ 31 | – | ഷഹീദ് ഉദ്ധംസിംഗ് രക്തസാക്ഷി ദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



## മണ്ഡലം 1 സൂക്തം 4

***മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ ഗായത്രീച്ഛന്ദഃ ഷഡ്ജഃ സ്വരഃ***

**അസ്യ പീത്വാ ശതക്രതൊ ധനൊ വൃത്രാണാമഭവഃ |**
**പ്രാവോ വാജേഷു വാജിനമ് ||**

*(ഋഗ്വേദം 1. 4. 8)*

**പദാർത്ഥം:** ഹേ പുരുഷോത്തമ! എങ്ങിനെയാണോ ഈ (ധനഃ) മൂർത്തിമത്തായ സൂര്യലോകം (അസ്യ) ജലരസത്തെ (പീത്വാ) കുടിച്ച് (വൃത്രാണാമ്) മേഘത്തിന്റെ അംഗരൂപമായ ജലബിന്ദുക്കളെ വർഷിച്ച് എല്ലാവിധ ഓഷധി തുടങ്ങിയ പദാർത്ഥങ്ങളെ പുഷ്ടിപ്പെടുത്തി എല്ലാവരുടേയും രക്ഷണം ചെയ്യുന്നത് (ശതക്രതൊ) അസംഖ്യം കർമ്മങ്ങളനുഷ്ഠിക്കുന്ന ശൂരവീരന്മാരെ! നിങ്ങളും സർവ്വരോഗങ്ങളുടേയും ധർമ്മത്തിന്റെയും വിരോധികളായ ദുഷ്ടശത്രുക്കളുടെ നാശം വരുത്തുന്നവരായിതീർന്ന് (അസ്യ) ഈ ജഗത്തിനെ രക്ഷിക്കുന്നവരായി (അഭവഃ) തീർന്നാലും. ഇപ്രകാരം ആരാണൊ (വാജേഷു) ദുഷ്ടന്മാരുമായി യുദ്ധത്തിലേർപ്പെട്ട് ധാർമ്മികനും (വാജിനമ്) ശൂരവീരനുമായ പുരുഷനുമാകുന്നത് അയാളുടെ (പ്രാവഃ) സംരക്ഷണം സദാ നടത്തിയാലും.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ലുപ്തോപമാലങ്കാരമാണ്. ആരാണോ ദുഷ്ടന്മാരുമായി ധർമ്മപൂർവ്വമായ യുദ്ധം ചെയ്യുന്നത് അവർക്കുമാത്രമെ വിജയമുണ്ടാവുകയുള്ളു. മറ്റാർക്കുമല്ല. അതേപോലെ ധർമ്മ പൂർവ്വം യുദ്ധം ചെയ്യുന്നവർക്ക് പരമേശ്വരൻ സഹായിയായിതീരുന്നു. മാറ്റാർക്കുമല്ല.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ. എം. രാജൻ)*

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

### വേദങ്ങളുടെ ഉപാംഗങ്ങൾ

വേദങ്ങൾക്ക് ആറുപാംഗങ്ങളുണ്ട്. ഇവയ്ക്ക് ഷഡ്ദർശനങ്ങളെന്നും ആറു ശാസ്ത്രങ്ങളെന്നും പറയാറുണ്ട്. ഇവ 1. കപിലന്റെ സാംഖ്യദർശനം, 2. വാത്സ്യായനന്റെ ഭാഷ്യത്തോടുകൂടിയ ഗൗതമന്റെ ന്യായദർശനം, 3. വ്യാസഭാഷ്യത്തോടുകൂടിയ പതഞ്ജലിയുടെ യോഗദർശനം, 4. പ്രശസ്തപാദന്റെ ഭാഷ്യസഹിതമായ കണാദന്റെ വൈശേഷികദർശനം, 5. വ്യാസന്റെ വേദാന്ത ദർശനം, 6. ജൈമിനിയുടെ മീമാംസാ ദർശനം.

(തുടരും)

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40. 1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദ സ്വാദ്ധ്യായ ശിബിരം 2015 ആഗസ്റ്റ് 14 – 16

വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ 2015 ആഗസ്റ്റ് 14, 15, 16 തിയ്യതികളിൽ വേദസ്വാദ്ധ്യായശിബിരം നടത്തുന്നു. വേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, യോഗ, പ്രാണായാമം, ധ്യാനം, മതങ്ങളുടെ താരതമ്യപഠനം തുടങ്ങി വിവധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ ഉണ്ടായിരിക്കും. അതാത് വിഷയങ്ങളിൽ വിദഗ്ദ്ധരായ പണ്ഡിതരുടെ നേതൃത്വത്തിൽ നടക്കുന്ന ഈ ശിബിരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2015 ജൂലായ് 31 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമേ പ്രവേശനം ലഭിക്കുകയുള്ളു. വർണ്ണ-വർഗ്ഗ-ലിംഗ വ്യത്യാസമില്ലാതെ ജിജ്ഞാസുക്കളായ ആർക്കും പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി തപാൽ, പാലക്കാട് - 679 504. ഫോൺ: 9562529095, 9446017440.

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | സന്ധ്യോപാസനയും അഗ്നിഹോത്രവും | – | ₹ 60.00 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95.00 |
| (3) | ആര്യോദയം | – | ₹ 10.00 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10.00 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10.00 |
| (6) | വൈദിക നിത്യകർമ്മ വിധി | – | ₹ 20.00 |
| (7) | Vedas in Story form and Chaturvarnyam | – | ₹ 35.00 |
| (8) | Dayananda the Great | – | ₹ 5.00 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5. 51. 15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

താക്കുക എന്നുള്ളതാണ്. ബാല്യവിവാഹത്തെ എതിർക്കുകമാത്രമല്ല ചെയ്തത്. ബ്രഹ്മചര്യ പൂർവ്വം വിദ്യാഭ്യാസം നേടുന്നരീതി പുനഃസ്ഥാപിക്കുവാനും അദ്ദേഹം വളരെ പ്രയത്നിച്ചു.

പർദ്ദാ സമ്പ്രദായത്തിനെതിരായും അദ്ദേഹം പോരാടി. ആദ്യമായി തന്റെ പത്നിയുടെ പർദ്ദാ എടുത്തുകളഞ്ഞ് അവരെ പഠിപ്പിക്കാൻ തുടങ്ങി. അതുകൊണ്ട് അവർക്ക് ധർമ്മഗ്രന്ഥങ്ങൾ വായിക്കുവാനും സ്വാദ്ധ്യായം, സന്ധ്യ, അഗ്നിഹോത്രാദികർമങ്ങൾ ഇവ ചെയ്യാനും കഴിഞ്ഞു.

## സ്ത്രീവിദ്യാഭ്യാസം

ആ കാലത്ത് പൗരാണികർ അതായത് പുരാണങ്ങളിൽ പറഞ്ഞതനുസരിച്ച് ജീവിക്കുന്നവർ 'സ്ത്രീശൂദ്രൗ നാധീയതാം' എന്ന് ശങ്കരാചാര്യ പ്രഭൃതികൾ പറഞ്ഞതനുസരിച്ച് കന്യകമാരെ വിദ്യാഭ്യാസത്തിനായി പാഠശാലകളിൽ അയച്ചിരുന്നില്ല. മുൻഷിറാം സ്ത്രീവിദ്യാഭ്യാസം ഉചിതവും ആവശ്യവുമാണെന്ന് മനസ്സിലാക്കി സ്വന്തം മകളെ ക്രിസ്ത്യാനികൾ നടത്തിയിരുന്ന ഒരു കന്യാപാഠശാലയിൽ ചേർത്തു. അന്ന് ക്രിസ്ത്യാനികൾക്ക് മാത്രമേ കന്യാപാഠശാലകൾ ഉണ്ടായിരുന്നുള്ളു. പക്ഷെ അവിടെ ഹിന്ദുക്കുട്ടികളെ അവരുടെ ശാസ്ത്രത്തെക്കുറിച്ചുള്ള നിന്ദയാണ് പഠിപ്പിക്കുന്നതെന്ന് മനസ്സിലാക്കി സ്വന്തമായി ഒരു കന്യാപാഠശാല ആരംഭിക്കുവാൻ തീരുമാനിക്കുകയും സ്ഥാപിക്കുകയും ചെയ്തു. ആ കന്യാഗുരുകുലം ഇന്നും ഡഹരാദൂനിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്നു.

## പുത്രിയുടെ മിശ്രവിവാഹം

ഹിന്ദുമതത്തിൽ നിലവിലിരിക്കുന്ന ജാതിഭേദം വളരെ ഹാനികരമാണെന്ന് മുൻഷിറാം മനസ്സിലാക്കി. ഇതിനെതിരായി പ്രസംഗിച്ചത് കൊണ്ടോ എഴുതിയതുകൊണ്ടോ പുരാണങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്തതു കൊണ്ടോ ശാസ്ത്രാർത്ഥം കൊണ്ടോ പ്രയോജനമില്ലെന്ന് അദ്ദേഹത്തിന് തോന്നി. അതിനാൽ 1901 നവംബറിൽ തന്റെ പുത്രി അമൃതകലയുടെ വിവാഹം മറ്റൊരു ജാതിയിലുള്ള ഡോക്ടർ സുഖദേവുമായി ഇഷ്ടമിത്രങ്ങളുടെയും ബന്ധുക്കളുടെയും എതിർപ്പിനെ വകവെയ്ക്കാതെ അദ്ദേഹം തന്നെ നടത്തിക്കൊടുത്തു. അതുപോലെ രണ്ടു പുത്രന്മാരുടെയും വിവാഹം അന്യജാതിയിലുള്ള പെൺകിടാങ്ങളുമായി നടത്തി. സാധാരണയായി ജാതിക്കെതിരായി പ്രവർത്തിക്കുന്നവരെയും എഴുതുന്നവരെയും നമുക്കറിയാം. എന്നാൽ അവർ അത് പ്രവർത്തികമാക്കാൻ തയ്യാറാകുന്നില്ല. മുൻഷിറാം അത് പ്രവർത്തികമാക്കി കാണിച്ചു കൊടുത്തു.

*(തുടരും)*

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 3 ലക്കം 01

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ആഷാഢം – ശ്രാവണം
1190 മിഥുനം – കർക്കിടകം 2015 ജൂലൈ



**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവ്സ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വേദപ്രകാശം പാഠാവലി | : | 6 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| ശത്രുവോ? മിത്രമോ? | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| സംശയനിവാരിണി | : | 10 |
| ഉപദേശ മഞ്ജരി | : | 11 |
| മഹർഷി ദയാനന്ദ സരസ്വതി | : | 12 |
| സ്വാമി ശ്രദ്ധാനന്ദൻ | : | 13 |
| വാർത്തകൾ | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് – 679 504**
**Ph: 9562529095, 9446017440**
**Email: dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

## സർവ്വേ സന്തു നിരാമയാഃ



ഐക്യരാഷ്ട്രസഭ ജൂൺ 21 ന് അന്താരാഷ്ട്രയോഗദിനമായി ആചരിക്കാൻ നിശ്ചയിച്ചത് ലോകചരിത്രത്തിലെ ഒരു നിർണ്ണായക സംഭവമായി കണക്കാക്കണം. പതഞ്ജലി മഹർഷി വിഭാവനം ചെയ്ത് ആവിഷ്കരിച്ച അഷ്ടാംഗ യോഗം പ്രാചീനകാലം മുതൽ തന്നെ വിശ്വമെങ്ങും പ്രചാരത്തിലുണ്ട്. പേരുകളിലും രൂപങ്ങളിലും ഭാവങ്ങളിലും അൽപ്പസ്വൽപ്പ വ്യത്യാസം ക്രമേണ വന്നുചേർന്നുവെങ്കിലും ഇന്നും അത് സജീവമാണ്. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവയാണ് യോഗയുടെ എട്ടംഗങ്ങൾ. യോഗദർശനത്തിൽ ഇവയെ കുറിച്ച് മഹർഷി പതഞ്ജലി വിവരിക്കുന്നുണ്ട്. വ്യാസമഹർഷിയുടെ ഭാഷ്യവും ഇത് സുദൃഢമാക്കുന്നുണ്ട്. മനസ്സിന് നിയന്ത്രണവും

*അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

സ്വസ്ഥതയും ലഭിക്കാൻ ജീവിതശൈലിയിൽ വരുത്തേണ്ടുന്ന പഥ്യങ്ങളാണ് അഹിംസ, സത്യം, അസ്തേയം, ശൗചം, സന്തോഷം തുടങ്ങിയ യമനിയമങ്ങൾ. സ്ഥിരമായും സുഖമായും ഇരിക്കാനുള്ള പരിശീലനമാണ് ആസനങ്ങൾ. ഇരിപ്പ് ഉറപ്പിച്ചതിന്ശേഷം വരുന്നതാണ് പ്രത്യാഹാരം. ഇന്ദ്രിയങ്ങളുടെ നിയന്ത്രണമാണിത്. ധാരണയും ധ്യാനവും സമാധിയും അതിന് ശേഷമേ സാധ്യമാവുകയുള്ളു. സമാധിയിലെത്തിച്ചേരുന്നവന് മനഃശാന്തിയും ആനന്ദവും ലഭിക്കുന്നു. ദിനത്തിന്റെ ദൈർഘ്യം ഏറ്റവും കൂടുതൽ വരുന്ന ജൂൺ 21 ആണ് യോഗദിനമായി തിരഞ്ഞെടുത്തത് എന്നതും ശ്രദ്ധേയമാണ്. ഭൂമിയുടെ ഊർജ്ജസ്രോതസ്സായ സൂര്യന്റെ പ്രകാശം ഏറ്റവും കൂടുതൽ ലഭിക്കുന്ന ദിനത്തിന് സവിശേഷപ്രാധാന്യമുണ്ട്. ഭാരതപ്രധാനമന്ത്രിയുടെ ആഹ്വാനം ലോകരാഷ്ട്രങ്ങൾ ഐകകണ്ഠേന അംഗീകരിച്ചുവെന്നത് ഭാരതത്തിന്റെ നയതന്ത്രനേട്ടവും കൂടിയാണ്. ഭാരത സർക്കാർ ഇതോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചതും പൊതുജനങ്ങൾക്ക് ആവേശമായി. ലോകാരോഗ്യസംഘടനയുടെ ഒരുകണക്കനുസരിച്ച് പ്രമേഹരോഗം ഭാരതത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ യോഗദർശനത്തിന്റെ നാടായ ഭാരതം യോഗമാർഗ്ഗത്തിലേക്ക് മടങ്ങേണ്ടിയിരിക്കുന്നു. എല്ലാവർക്കും ആരോഗ്യം, പ്രമേഹമുക്തഭാരതം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനും ആധ്യാത്മികമായ ഉന്നതിയുണ്ടാവാനും അന്താരാഷ്ട്രയോഗദിനം ഉപകരിക്കട്ടെ.

**പത്രാധിപർ**

## ദയാനന്ദ സന്ദേശം വരിക്കാരുടെ ശ്രദ്ധയ്ക്ക്

**ദയാനന്ദ സന്ദേശം മാസിക എല്ലാ ഇംഗ്ലീഷ് മാസവും 10-ാം തിയ്യതിക്ക് പാലക്കാട് ആർ.എം.എസ്. വഴിയാണ് അയക്കുന്നത്. ഏതാനും പ്രദേശങ്ങളിൽ മാസിക ലഭിക്കുന്നില്ല എന്ന പരാതികൾ ലഭിക്കുന്നുണ്ട്. അതിനാൽ മാന്യവരിക്കാർ മാസിക സ്ഥിരമായി ലഭിക്കുന്നില്ലെങ്കിൽ തങ്ങളുടെ പോസ്റ്റോഫീസിൽ രേഖാമൂലം പരാതിനൽകണമെന്ന് അഭ്യർത്ഥിക്കുന്നു.**

**വ്യവസ്ഥാപകൻ**


*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*





# സ്വാമി ശ്രദ്ധാനന്ദൻ

*സാധ്വി സരോജിനി സരസ്വതി*



**ഈ** അന്ധകാരജീവിതം എങ്ങനെ പ്രകാശമയമായി എന്ന് പരിശോധിക്കാം 1879 ശ്രാവണമാസം 14-ാം തിയ്യതി സ്വാമി ദയാനന്ദസരസ്വതി ബറേലി എന്ന സ്ഥലത്ത് പ്രഭാഷണം നടത്താനെത്തി. മുൻഷിറാമിന്റെ അച്ഛൻ അവിടത്തെ ഇൻസ്പെക്ടറായിരുന്നു. ദയാനന്ദന് പ്രസംഗം നടത്താൻ തടസ്സങ്ങളുണ്ടാകാതെ നോക്കേണ്ട ചുമതല അദ്ദേഹത്തിനായിരുന്നു. ഒരു ദിവസം മകനെയും കൂട്ടി പ്രഭാഷണം കേൾക്കാൻ എത്തി. ദയാനന്ദന്റെ പ്രഭാഷണത്തിൽ മുൻഷറാം പ്രഭാവിതനായി. പക്ഷെ ദയാനന്ദനോട് പറഞ്ഞു "അങ്ങയുടെ തർക്കശക്തി വളരെ തീഷ്ണമാണ്. പക്ഷെ ഈശ്വരന്റെ അസ്തിത്വത്തെക്കുറിച്ച് അങ്ങ് എന്നെ പറഞ്ഞ് വിശ്വസിപ്പിച്ചില്ല." അതിനുള്ള ദയാനന്ദന്റെ ഉത്തരം യുക്തിയുക്തമായിരുന്നു. "നിങ്ങളെ ഈശ്വരനിൽ വിശ്വസിപ്പിച്ചു കൊള്ളാമെന്ന് ഞാൻ ഉറപ്പ് ഒന്നും തന്നിട്ടില്ലല്ലോ. ആ ഈശ്വരൻ സ്വയം നിങ്ങളെ വിശ്വാസിയാക്കിയെങ്കിൽ മാത്രമേ നിങ്ങൾക്ക് വിശ്വാസം ഉണ്ടാവൂ" എന്ന് പറഞ്ഞ് താഴെ പറയുന്ന ഉപനിഷദ് വാക്യം കൂടി അദ്ദേഹം ചൊല്ലി കേൾപ്പിച്ചു.

നായമാത്മാ പ്രവചനേനലഭ്യോ
ന മേധയാ ന ബഹുനാ ശ്രുതേന
യ മേ വൈഷവൃണുതേ തേന ലഭ്യ
സ്തസ്യൈഷ ആത്മാവൃണുതേ തനൂംസ്വ (കഠം: 2.23)

മഹർഷിയിൽ നിന്നും കിട്ടിയ അറിവ്കൊണ്ടുണ്ടായ പ്രഭാവം കുറച്ചൊന്നുമല്ലായിരുന്നു. അദ്ദേഹത്തിന്റെ ചിന്താഗതി മാറിമറിഞ്ഞു. ജീവിതചര്യകൾക്ക് നിയന്ത്രണമുണ്ടായി. ആസ്തിക്യബോധം ഉണ്ടായി. ഋഷി ദയാനന്ദന്റെ സത്യാർത്ഥ പ്രകാശവും ഋഗ്വേദാദിഭാഷ്യ ഭൂമികയും അദ്ദേഹത്തെ അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേയ്ക്കും പ്രേയസിൽ നിന്നും ശ്രേയസ്സിലേക്കും നയിച്ചു. അദ്ദേഹം മഹർഷിയുടെ ആദർശശിഷ്യനായി.

**ആദർശനിഷ്ഠനായ സമുദായ പരിഷ്കർത്താവ്**

ആര്യസമാജത്തിൽ ചേർന്നശേഷം അദ്ദേഹം ആദ്യം ചെയ്തത് ബാല്യവിവാഹം ഇല്ലാ

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം - ബാലപംക്തി** **ആര്യവീരഗാഥ - 1**

# മഹർഷി ദയാനന്ദസരസ്വതി

നചികേതസ്



## കാശി ശാസ്ത്രാർത്ഥം

**ഭാ**രത വർഷത്തിലെ ഒരു പ്രാചീനവിദ്യാകേന്ദ്രമാണ് കാശി. മാത്രവുമല്ല ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം വളരെ പ്രസിദ്ധമായ തീർത്ഥഭൂമി കൂടിയാണത്. പൗരാണികമതക്കാരുടെ വിശ്വാസപ്രകാരം കാശിയിൽ പോയി മരണമടഞ്ഞാൽ സ്വർഗ്ഗം ലഭിക്കുമെന്നാണ്. എന്നാൽ ഇത്തരം അന്ധവിശ്വസങ്ങളെ അംഗീകരിക്കാനാവില്ലെങ്കിലും ഈ പുണ്യഭൂമിക്ക് ഐതിഹാസികമായ പല സവിശേഷതകളുമുണ്ട്, വേദവ്യാസമഹർഷി ബ്രഹ്മസൂത്രത്തിന് ഭാഷ്യമെഴുതിയത് ഇവിടെ വെച്ചായിരുന്നു. ശങ്കരാചാര്യർ ശാരീരിക ഭാഷ്യത്തിന്റെ രചന നടത്തിയതും ഈ സ്ഥലത്തുവെച്ചായിരുന്നു. ഈ സ്ഥലത്തേക്കാണ് അജയ്യമായ ശാസ്ത്രാർത്ഥപാണ്ഡിത്യവും സത്യ-സനാതന-വൈദികധർമ്മത്തിന്റെ സന്ദേശവുമായി ഋഷി ദയാനന്ദൻ എത്തിചേർന്നത്. ക്ഷേത്രങ്ങളുടെ കേന്ദ്രമായ-വിഗ്രഹാരാധകരുടെ കോട്ടയായ കാശിയിലേക്ക് മഹർഷി ദയാനന്ദൻ നിർഭയനായി തന്റെ വൈദികപതാകയുമായി എത്തി. ഈ കോട്ടയെ ഇളക്കിമറിക്കാനായാൽ മറ്റു സ്ഥലങ്ങളുടെ കാര്യം പറയണൊ? ദുർഗ്ഗാകുണ്ഡിനുസമീപമുള്ള ആനന്ദബാഗിലാണ് സ്വാമിജി താമസിച്ചത്.

സ്വാമി ദയാനന്ദൻ കാശിയിലെത്തിയതറിഞ്ഞ് അവിടമാകെ കോലാഹലമുണ്ടായി. പല കിംവദന്തികളും പരന്നു. വിഗ്രഹാരാധന വേദവിരുദ്ധമാണെന്ന് ഒരു സന്യാസി പറയുന്നുവെന്ന് ചിലർ പറഞ്ഞപ്പോൾ മറ്റു ചിലർ സ്വാമിജി ശാക്ത ശൈവ സമ്പ്രദായങ്ങളെ വിമർശിക്കുന്നുവെന്ന് പറഞ്ഞു. മാല, തിലകം എന്നീ ബാഹ്യചിഹ്നങ്ങളുടെ നിരർത്ഥകത അദ്ദേഹം ഉദ്ബോധിപ്പിക്കുന്നുവെന്ന് വേറൊരുകൂട്ടർ. കാശിയിലാകെ ഈ വാർത്തകൾ ചർച്ചകളായി. ധർമ്മത്തിന്റെ പേരിൽ പാവങ്ങളുടെ ധനമപഹരിക്കുന്ന പണ്ഡ-പുരോഹിതന്മാരുടെ ഹൃദയം നടുങ്ങി. ദയാനന്ദനെന്ന വിപ്ലവകാരിയായ സന്യാസിയുടെ ആഗമനവാർത്ത കാശി രാജാവിന്റെ കാതിലുമെത്തി.

വിഗ്രഹരാധാന എന്ന വിഷയത്തിൽ ആരുമായും ശാസ്ത്രാർത്ഥത്തിന് തയ്യാറാണെന്ന് വിജ്ഞാപനമിറക്കി കാശിയിലെ പണ്ഡിതന്മാരെ ദയാനന്ദൻ വെല്ലുവിളിച്ചു. ഉദരപൂരണത്തിനായി അനാചാരങ്ങൾ പ്രചരിപ്പിക്കുന്നവർക്കിത് ഇടിവെട്ടുപോലെയായി. കാശി രാജാവ് പോലും ചിന്താധീനനായി. കാശിവിശ്വനാഥക്ഷേത്രവും മറ്റ് നിരവധി ക്ഷേത്രസമുച്ചയങ്ങളും കാശിയുടെ സവിശേഷതയാണ്. വിഗ്രഹരാധാനാ ഖണ്ഠനത്തിലൂടെ ഇവയെല്ലാം നഷ്ടപ്പെടുമോ എന്നായിരുന്നു അദ്ദേഹത്തിന്റെ ആശങ്ക.

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

(യസ്യ ഭൂ) യസ്യ ഭൂമിഃ പ്രമാ യഥാർത്ഥജ്ഞാനസാധനം പാദാവിവാസ്തി, (അന്തരിക്ഷമ്) അന്തരിക്ഷം യസ്യോദരതുല്യമസ്തി, യശ്ച സർവ്വസ്മാദൂരദ്ധ്വം സൂര്യരശ്മി പ്രകാശമയമാകാശം ദിവം മൂർദ്ധാനം ശിരോവച്ചക്രേ കൃതവാനസ്തി, തസ്മൈ (2)

(യസ്യ സൂ) യസ്യ സൂര്യശ്ചന്ദ്രമാശ്ച പുനഃ പുനഃ സർഗാദൗ നവീനേ ചക്ഷുഷീ ഇവ ഭവതഃ യോഗ്നിമാസ്യം മുഖവച്ചക്രേ കൃതവാനസ്തി തസ്മൈ (3)

(യസ്യ വാതഃ) വാതഃ സമഷ്ടിർവായുർയസ്യപ്രാണാപാനാ വിവാസ്തി, (അംഗിരസഃ) 'അംഗിരാ അംങ്ഗാരാ അംകനാ അഞ്ചനാ ഇതി' നിരുക്തേ അദ്ധ്യായം 3 ഖണ്ഡം 17)

പ്രകാശികാഃ കിരണാശ്ചക്ഷുഷീഇവ ഭവതഃ യോ ദിശഃ പ്രജ്ഞാനീഃ പ്രജ്ഞാപിനീർവ്യവഹാരസാധികാശ്ചക്രേ, തസ്മൈ ഹ്യനന്തവിദ്യായ ബ്രഹ്മണെ മഹതെ സതതം നമോസ്തു (4)

**ഭാവാർത്ഥം:-** (യോ ഭൂതം ച) അല്ലയോ പരമേശ്വരാ ഒരു ഭൂതകാലം കഴിഞ്ഞുപോയി. (ച) അനേക കാരണങ്ങളാൽ രണ്ടാമത്തേത് വർത്തമാനകാലമാണ്, (ഭവ്യം ച) മൂന്നാമതായുള്ള ഭവിഷ്യകാലം വരാൻപോകുന്നതാണ്. ഈ മൂന്നുകാലങ്ങളിലും സംഭവിക്കുന്നതെല്ലാം അങ്ങ് യഥാവത് അറിയുന്നു. (സർവ്വയശ്ചാധിഷ്ഠിതി) അതോടൊപ്പം എല്ലാ ജഗത്തിനേയും തന്റെ വിജ്ഞാനത്താൽ രചിക്കുകയും പരിപാലിക്കുകയും ലയം നടത്തുകയും ചെയ്യുന്ന അങ്ങ് ലോകത്തിലുള്ള എല്ലാ പദാർത്ഥങ്ങളുടേയും അധിഷ്ഠാതാവായ സ്വാമിയാകുന്നു. (സ്വര്യസ്യ ച കേവലം) ആരുടെ സ്വരൂപമാണോ കേവല സുഖസ്വരൂപമായിട്ടുള്ള, മോക്ഷസുഖത്തേയും വ്യവഹാര സുഖത്തേയും തരുന്നത്, (തസ്മൈ ജ്യേഷ്ഠായ ബ്രഹ്മണേ നമഃ) ജ്യേഷ്ഠൻ അഥവാ എല്ലാവരിലും വച്ച് വലിയവനും സർവ്വസാമർത്ഥ്യശാലിയുമായ ബ്രഹ്മം പരമേശ്വരൻ അദ്ദേഹത്തേ അത്യന്ത പ്രേമത്തോടുകൂടി നമ്മൾ നമസ്കരിക്കുന്നു. മൂന്നുകാലങ്ങൾക്കും അപ്പുറത്ത് വസിക്കുന്നവനും ലേശമാത്രം പോലും ദുഃഖമുണ്ടാവത്തവനുമായ ആ ആനന്ദധന പരമേശ്വരന് ഞങ്ങളുടെ നമസ്കാരങ്ങൾ (1)

*(തുടരും)*

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*




*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 3 — അദ്ധ്യയനം – അദ്ധ്യാപനം

**ചോദ്യം 1** : ഏതെല്ലാം കാര്യങ്ങളാൽ മനുഷ്യൻ സുശോഭിതനായിതീരുന്നു?

**ഉത്തരം** : വിദ്യ, സംസ്കാരം, ഉത്തമഗുണങ്ങൾ, കർമ്മം, സ്വഭാവം എന്നിവയാൽ മനുഷ്യൻ സുശോഭിതനായിതീരുന്നു.

**ചോദ്യം 2** : ശ്രേഷ്ഠമനുഷ്യനായിതീരാൻ എന്തെല്ലാമാണ് വേണ്ടത്?

**ഉത്തരം** : വിദ്യാപ്രാപ്തി, അഹങ്കാരമില്ലായ്മ, മറ്റുള്ളവരുമായി സഹകരിച്ചു പ്രവർത്തിക്കുക എന്നിവ അത്യാവശ്യമാണ്.

**ചോദ്യം 3** : അദ്ധ്യാപകർ എങ്ങിനെയുള്ളവരായിരിക്കണം?

**ഉത്തരം** : അദ്ധ്യാപകർ പൂർണ്ണ പണ്ഡിതനും ധാർമ്മികനും ആയിരിക്കണം.

**ചോദ്യം 4** : വൈദിക നിയമപ്രകാരം വിദ്യാഭ്യാസവ്യവസ്ഥ എങ്ങിനെയുള്ളതായിരിക്കണം ?

**ഉത്തരം** : 1. വിദ്യാലയം നഗരത്തിൽ നിന്ന് അകന്ന്മാറി ശാന്തവും ഏകാന്തവും ആയ സ്ഥാനത്തായിരിക്കണം. 2. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വിദ്യാലയങ്ങൾ വേറെ വേറെ ആയിരിക്കണം. 3. വിദ്യാർത്ഥിയുടെ ജീവിതം തപസ്വിയുടേയും സംയമിയുടേതും ആയിരിക്കണം. 4. എല്ലാ വിദ്യാർത്ഥികൾക്കും ഒരേ തരത്തിലുള്ള സൗകര്യങ്ങൾ നൽകണം.

**ചോദ്യം 5** : ഗായത്രീ മന്ത്രം ഏതാണ് ?

**ഉത്തരം** : ഓം ഭൂർഭുവഃ സ്വഃ തൽസവിതുർവരേണ്യം ഭർഗ്ഗോ ദേവസ്യ ധീമഹി ധിയോ യോ നഃ പ്രചോദയാത്

**ചോദ്യം 6** : ഗായത്രീ മന്ത്രത്തിന്റെ സംക്ഷിപ്തമായ അർത്ഥം എന്താണ്?

**ഉത്തരം** : "അല്ലയോ സമ്പൂർണ്ണജഗത്തിന്റേയും നിർമ്മാതാ, ശുദ്ധ സ്വരൂപ, സുഖങ്ങളെ പ്രദാനം ചെയ്യുന്ന പരമപിതാവായ പരമേശ്വരാ! കൃപ ചെയ്ത് ഞങ്ങളുടെ ബുദ്ധിയെ ശ്രേഷ്ഠമായ മാർഗ്ഗത്തിൽ ചരിക്കാൻ പ്രേരിപ്പിച്ചാലും."

(തുടരും)

***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*

## ആറാം പ്രഭാഷണം (ജന്മ വിഷയം)




(17.07.1875 ന് ശനിയാഴ്ച രാത്രി 8 മണിക്ക് 'ജന്മ വിഷയ'ത്തെകുറിച്ച് സ്വാമി ദയാനന്ദ സരസ്വതി നടത്തിയ പ്രഭാഷണത്തിന്റെ സാരാംശം)

**ഓം ഭദ്രം കർണ്ണേഭിഃ ശൃണുയാമ ദേവാ ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ**

**സ്ഥിരൈരംഗൈസ്തുഷ്ടുവാംസതനൂഭിർവ്യശേമഹി ദേവഹിതം യദായുഃ**

(യജുർവ്വേദം 25.21)

ഇന്നത്തെ പ്രഭാഷണം ജന്മവിഷയമാണ്. ജന്മമെന്നതിന്റെ ലക്ഷണമെന്താണെന്ന് ആദ്യം മനസ്സിലാക്കണം. ശരീരത്തിന്റെ പ്രവർത്തനങ്ങളെ നടത്തുന്നതിനുവേണ്ടുന്ന പരമാണുക്കൾ എപ്പോഴുൽപ്പന്നമാവുന്നുവോ അപ്പോൾ ജന്മമുണ്ടാവുന്നു. അതായത്, ശരീരത്തിന്റെ സർവ്വഅവയവങ്ങളും അതാതിന്റെ ധർമ്മം നിർവ്വഹിക്കാൻ പാകത്തിൽ ശരീരമുണ്ടാകുമ്പോൾ ജന്മം സംഭവിക്കുന്നു എന്ന് സാരാംശം. ജീവാത്മാവിന്റെയും ശരീരത്തിന്റേയും സംയോഗം ജന്മമെന്നും അവയുടെ വിയോഗം മരണമെന്നും അർത്ഥമാക്കണം. ജന്മാന്തരങ്ങളെകുറിച്ച് അനേകം അഭിപ്രായങ്ങൾ നിലവിലുണ്ട്. ചിലരുടെ പക്ഷം മനുഷ്യർ ഒരിക്കൽ മാത്രം ജനിക്കുന്നുവെന്നും അവരുടെ മരണശേഷം വീണ്ടും ജനനമുണ്ടാവുന്നില്ല എന്നുമാണ്. മറ്റ് ചിലർ പറയുന്നത് ജന്മങ്ങൾ അനേകമാണെന്നും മരണശേഷം വീണ്ടും ജന്മമുണ്ടാവുന്നു എന്നുമാണ്. നമ്മുടെ കാഴ്ചപ്പാട് മനുഷ്യർക്ക് പുനർജന്മമുണ്ട് എന്നും അതായത് ജന്മം അനേകമാണെന്നുമാണ്.

ഈ രണ്ടുപക്ഷക്കാർക്കും അതായത്, ഏകജന്മവാദികൾക്കും അനേകജന്മവാദികൾക്കും തങ്ങളുടെ വാദഗതിയെ സമർത്ഥിക്കുവാനുള്ള വിശ്വാസപ്രമാണങ്ങളുണ്ട്. നമുക്കീ വിശ്വാസപ്രമാണങ്ങളെ ഒന്നു പരിശോധിക്കാം. 'ഗതാനുഗതികോ ലോകഃ' എന്ന ന്യായമനുസരിച്ച് പരമ്പരാഗതമായ അറിവിനെ സ്വീകരിക്കുക പണ്ഡിതന്മാർക്ക് ചേർന്നതല്ല. ചർച്ചകളുടെ (തർക്ക - വിതർക്കങ്ങളുടെ) അടിസ്ഥാനത്തിൽ നിർണ്ണയത്തിലെത്തുന്നതാണ് പണ്ഡിതൻമാരുടെ മുഖ്യകർമ്മം.

***(തുടരും)***

***ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)***
***മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ചോദ്യം 32:** നമ്മളെയെല്ലാം സൃഷ്ടിച്ചത് ഈശ്വരനാണെങ്കിൽ തീർച്ചയായും നമ്മുടെ ഭാവിയെപ്പറ്റിയും അദ്ദേഹത്തിന് അറിയുമായിരിക്കും?

**ഉത്തരം:** നമ്മുടെയെല്ലാം ആത്മാക്കളെ ഈശ്വരനല്ല സൃഷ്ടിച്ചിരിക്കുന്നത്. കാരണം ആത്മാക്കൾ അനാദിയും അതുകൊണ്ടുതന്നെ അമരനും നിത്യനുമാണ്. കർമ്മം ചെയ്യാനുള്ള ഉപാധിയായ ഈ ശരീരം ഈശ്വരകൃപയാൽ ലഭ്യമായിട്ടുള്ളതാണ്. അതുകൊണ്ട് പരമാത്മാവിന് നമ്മുടെ ഭാവിടെപ്പറ്റി അറിയുന്നതെന്താണെന്നുവെച്ചാൽ ഭൗതികശരീരം നശിക്കാനിടയുള്ളതാണ്. സൂക്ഷ്മശരീരമാകട്ടെ മുക്തി ലഭിക്കുവോളം ജീവാത്മാവിന്റെ കൂടെ തന്നെ വസിക്കുന്നു എന്നുള്ളതാണ്. ആത്മാവിന്റെ ഭാവിയെപറ്റി ഈശ്വരന് അറിയുന്നത് എന്താണെങ്കിൽ അത് അനാദിയും അജനും അമരനുമാണെന്നാണ്. അതിന്റെ സദ്ഗതി എപ്പോഴുണ്ടാകുമെന്നത് ജീവാത്മാവിന്റെ കർമ്മത്തെ ആശ്രയിച്ചിരിക്കും.

**ചോദ്യം 33:** ശരീരം ഈശ്വരൻ തന്നതാണെങ്കിൽ അതിന്റെ അവസാനത്തെപറ്റിയും തീർച്ചയായും അദ്ദേഹത്തിന് അറിവുണ്ടായിരിക്കും?

**ഉത്തരം:** ശരീരം തീർച്ചയായും ഈശ്വരനാൽ പ്രദാനം ചെയ്യപ്പെട്ടതാണ്. ജന്മജന്മാന്തരങ്ങളിലെ കർമ്മഫലങ്ങളാണ് ജാതി, ആയുസ്സ്, ഭോഗം മുതലായ രൂപങ്ങളിൽ ഈശ്വരൻ പ്രദാനം ചെയ്യുന്നത്. ആത്മാവിന് കർമ്മം ചെയ്യാനുള്ള ഉപാധിയാണ് ശരീരം. അതിന് ഓരോ നിമിഷത്തിലും പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കും. യാതൊന്നാണോ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അതിന് അന്ത്യത്തിൽ വിനാശവുമുണ്ടായിരിക്കും. ഇപ്രകാരം പരിവർത്തനം സംഭവിക്കുക എന്നത് അതിന്റെ ധർമ്മമാണ്. അങ്ങിനെ പരിവർത്തനം സംഭവിച്ച് അതിന്റെ സൂക്ഷ്മരൂപത്തിൽ ലയിക്കുക എന്നുള്ളത് ഓരോ ജഡവസ്തുവിന്റെയും നിയമമാണ്. ഭൗതികശരീരത്തിന്റെ സംരക്ഷണം എന്നുള്ളത് ഓരോരുത്തരുടേയും കൈകളിൽ നിക്ഷിപ്തമാണ്. അതിനെ ശരിയായി ഉപയോഗപ്പെടുത്താൻ ശരിയായ ബുദ്ധിയും ജ്ഞാനവും ആവശ്യമാണ്. ഓരോ വസ്തുവും അതിന്റെ യഥാർത്ഥസമയത്ത് സ്വന്തം സൂക്ഷ്മരൂപത്തിൽ ലയിച്ചു ചേരും എന്നുള്ളത് ഈശ്വരന് അറിയാം. ജീവാത്മാവിന് ശരീരത്തിൽ നിന്നും വിയോഗം സംഭവിക്കുന്നു എന്നുള്ള കാര്യവും ഈശ്വരന് അറിയാം.

*(തുടരും)*

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)

# ആര്യോദ്ദേശ്യ രത്നമാല
## മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: നചികേതസ്*

**57. പരോപകാരം:-** തന്റെ പൂർണ്ണസാമർത്ഥ്യത്താൽ മറ്റു പ്രാണികളുടെ സുഖത്തിനായി തന,മന,ധനത്താൽ പ്രയത്നം ചെയ്യുന്നതിനെ പരോപകാരം എന്നു പറയുന്നു.

**58. ശിഷ്ടാചാരം:-** ഏതിനാലാണോ അശുഭഗുണങ്ങളെ ത്യജിക്കുന്നത് അതിനെ ശിഷ്ടാചാരമെന്നു പറയുന്നു.

**59. സദാചാരം:-** സൃഷ്ടിയുടെ തുടക്കം മുതൽ സത്പുരുഷന്മാരുടെ വേദോക്തമായ ആചാരണങ്ങളെതുടർന്ന് വരികയും സത്യത്തേ ഗ്രഹിക്കുകയും അസത്യത്തിന്റെ പരിത്യാഗം ചെയ്യുകയും ചെയ്യുന്നതിനെ സദാചാരം എന്നു പറയും. ഇന്ന് ലോകത്തിൽ പ്രചരിക്കുന്ന വ്യഭിചാരത്തിനു വിരുദ്ധമായ ഇന്ദ്രിയ സംയമമെന്ന അർത്ഥത്തിലല്ലാ മറിച്ച് മേൽ വിവരിച്ച പരിഭാഷയനുസരിച്ച് സദാചാരമെന്നതിന്റെ വ്യാപ്തി വളരെ വിസ്തൃതമാണ്.

**60. വിദ്യാ പുസ്തകം:-** ഈശ്വരോക്തവും സനാതനമായതും സത്യവിദ്യാമയവുമായ ചതുർവ്വേദങ്ങളെയാണ് വിദ്യാപുസ്തകമെന്നു പറയുന്നത്. അതിനാലാണ് വേദങ്ങൾ എല്ലാ സത്യവിദ്യകളുടേയും പുസ്തകമാണെന്ന് മഹർഷി ദയാനന്ദൻ പറഞ്ഞത്.

**61. ആചാര്യൻ:-** ശ്രേഷ്ഠമായ ആചാരങ്ങളെ ഗ്രഹിച്ച് സർവ്വവിദ്യകളെയും പഠിപ്പിക്കാൻ കഴിയുന്ന ആളാണ് ആചാര്യൻ. യാസ്കമുനി ആചാര്യനെ നിർവ്വചിക്കുന്നതിങ്ങനെയാണ്. ആചാരങ്ങളെ പഠിപ്പിക്കുന്നവനും ശിഷ്യന്മാരുടെ വിദ്യാദ്ധ്യയനത്തിനുള്ള ധനത്തെ കണ്ടെത്തുന്നവനും അവർക്ക് ബുദ്ധിയെ പ്രദാനം ചെയ്യുന്നവനേയും ആചാര്യൻ എന്നു പറയുന്നു. മനുസ്മൃതി അനുസരിച്ച് യജ്ഞോപവീത സംസ്കാരം ചെയ്ത് വേദാംഗസഹിതം ഉപനിഷത് അടക്കം വേദങ്ങളുടെ അദ്ധ്യയനം ചെയ്യുന്നവനാണ് ആചാര്യൻ. ഭരതമുനിയുടേയും മനുവിന്റെയും നിർവ്വചനാനുസാരമാണ് മഹർഷി ആചാര്യനെന്നുള്ളതിനുള്ള തന്റെ പിരിഭാഷ പറഞ്ഞത്.

**62. ഗുരു:-** വീര്യദാനം ചെയ്ത് അന്നാദികൾ തന്ന് വളർത്തുന്നതിനാൽ പിതാവ് ഗുരുവാണ്. സത്യോപദേശം ചെയ്ത് ഹൃദയത്തിലെ അജ്ഞാനരൂപിയായ അന്ധകാരത്തെ ഇല്ലാതാക്കുന്നവനേയും ഗുരു അഥവാ ആചാര്യൻ എന്നു പറയും.

*(തുടരും)*

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ശത്രുവോ? മിത്രമോ?

**ഋസ്യശൃംഗൻ**

**ഒരു** മാംസഭുക്കായ വ്യക്തി തികച്ചും അക്ഷമനാണ്. ക്ഷമിക്കാനും, പൊറുക്കാനും, ഉള്ള കഴിവ് ഇത്തരക്കാർക്ക് തീരെ കുറവായിരിക്കും. ഇവർ പലപ്പോഴും കോപം മൂലം അക്രമാസക്തരാകാറുണ്ട്. മത സംഘർഷങ്ങളും, ഭിന്നതകളും, സാമൂഹ്യഅസ്വസ്ഥതകളും മുഖ്യമായും മാംസഭക്ഷണ ശീലത്തോടു ബന്ധപ്പെട്ടുണ്ടാകുന്നതാണ്. മറുവശത്ത് സസ്യാഹാരികൾ ക്ഷമയുള്ളവരും, മൃദുലതയുള്ളവരും, താഴ്മയുള്ളവരും (അഹംഭാവമില്ലാതെ വിനീതരും) ശാന്തമായ മനസ്സോടുകൂടിയവരും, സൗഹൃദഭാവം പുലർത്തുന്നവരും, ആത്മീയതയിൽ തൽപരരും ആയി കാണപ്പെടുന്നു. സസ്യാഹാരം പവിത്രതയിലേക്കും വിശുദ്ധിയേക്കും നയിക്കുന്നു. ഒരു മാംസഭുക്ക് അവൻ കഴിക്കുന്ന മാംസാഹാരത്തോടൊപ്പം, ആ സാധുക്കളും, മിണ്ടാപ്രാണികളുമായ മൃഗങ്ങളുടേയും, പക്ഷികളുടേയും ദീനരോദനങ്ങളും (ദയനീയമായ കരച്ചിൽ) അവയുടെ മനംനൊന്ത ശാപങ്ങളും കൂടി ഭക്ഷിക്കുന്നുവെന്ന് പറയപ്പെടുന്നു. അതിനാൽ മാംസം അത് ഭക്ഷിക്കുന്നവനെ ഒരിക്കലും സുഖമായും സ്വസ്ഥമായും കഴിയുവാൻ സമ്മതിക്കില്ല. ലോകം മുഴുവനും നിലനിൽക്കുന്ന മനുഷ്യരാശിയുടെ അസ്വസ്ഥതകൾക്ക് ഒരു മുഖ്യഹേതു മാംസാഹാരമാണ്.

ഒരു മൃഗത്തെ അറവുശാലയിലേക്ക് കശാപ്പിനായികൊണ്ടുപോകുമ്പോൾ താൻ ക്രൂരമായി വധിക്കപ്പെടാൻ പോവുകയാണെന്ന് അതിന് മനസ്സിലാക്കാൻ സാധിക്കും. അതിന്റെ ഫലമായി നിലവിളിക്കുക, മുരളുക എന്നീ സാദ്ധ്യമായ രീതികളിലൂടെയെല്ലാം പ്രതികരിച്ച് എങ്ങനെയെങ്കിലും രക്ഷപ്പെടുവാൻ സാധിക്കുമോ എന്ന് ആ സാധുജീവി പരമാവധി ശ്രമിക്കും. നിങ്ങളിൽ ദയാദാക്ഷിണ്യത്തിന്റെ കണികയെങ്കിലുമുണ്ടെങ്കിൽ ആ ജീവിയുടെ പ്രാണവേദനയും പിടച്ചിലും നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും. "ഹേ മാംസാഹാരി", നീ ചിന്തിക്കുക, നിങ്ങളെയാണ് ഇത്പോലെ വധിക്കുന്നതെങ്കിൽ എന്ന് ആ നിസ്സഹായനായ മിണ്ടാപ്രാണിയോട് ദീനാനുകമ്പ തോന്നുന്നില്ലെങ്കിൽ നിങ്ങളൊരു ചെകുത്താനായിരിക്കണം. ഇത്രയും കഠിനഹൃദയരും ദയാശൂന്യരും ആണ് നിങ്ങൾ എന്നതിൽ നിങ്ങൾ വെറുക്കപ്പെടേണ്ടവനാണ്.

ആര്യാവർത്തത്തിന്റെ മഹദ്ഗ്രന്ഥമായ മനുസ്മൃതിയിൽ (അദ്ധ്യയാം 5, സർഗം 51) യിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:- മാംസവ്യാപാരത്തിന്റെ ദോഷത്തിലും പാപത്തിലും എട്ട് (8) വിധത്തിലുള്ളവർക്ക് തുല്യപങ്ക് ഉണ്ട്. അവ മൃഗവിൽപനക്കാരൻ, അതിനെ അറുക്കുവാനായി വാങ്ങുന്നവൻ, അറുക്കുന്നവൻ, ഇറച്ചിവെട്ടുകാരൻ, മാംസം പാകം ചെയ്യുന്ന പാചകക്കാരൻ, അത് വിളമ്പുന്നവൻ, മാംസം ഭക്ഷിക്കുന്നവൻ ഇവരെല്ലാം തന്നെ ഒരു സാധു ജീവിയെ കൊല്ലുക എന്ന മഹാപാപകരവും, നിന്ദ്യവും, പരമപിതാവും പരമാത്മാവുമായ ഈശ്വരന് ഒരിക്കലും ഹിതകരമല്ലാത്തതുമായ ദുഷ്പ്രവൃത്തിയിൽ തുല്യപങ്കാളികളും, തുല്യകുറ്റവാളികളുമാണ്. മാംസവ്യാപാരി മുതൽ മാംസം കഴിക്കുന്നവൻ വരെ ആ ശൃംഖലയിലുള്ള എല്ലാവരും അതിന്റെ കർമ്മഫലം (ശിക്ഷ) അനുഭവിക്കണം. ഇതാണ് പ്രപഞ്ചത്തിന്റെ കർമ്മനിയമം, നിങ്ങൾ പുനർജന്മത്തിൽ വിശ്വസിച്ചാലും ഇല്ലെങ്കിലും പ്രകൃതിയിൽ എല്ലാ പ്രവർത്തനങ്ങൾക്കും തുല്യവും വിപരീതവുമായ പ്രതിപ്രവർത്തനം ഉണ്ട്. ഇത് അലംഘനീയമാണ്.

*(തുടരും)*

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരല്പയാഴി

**ആചാര്യ കിഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



**രു**ഗ്മിണിയെ നിയന്ത്രണാധീനമാക്കിയതിനുശേഷമാണ് ശ്രീകൃഷ്ണൻ ശ്രീയുടെ പതിത്വം സ്വീകരിച്ചത്. പ്രലോഭതേന്ദ്രയവ്യസഹികളായതുകൊണ്ടല്ലോ ഇന്നീ നിലവന്നത്? ധനത്തോടൊപ്പം ഗർവ്വും കൂടും. കലിദ്വാപരസമാനരാണവ. അന്നത്തെ ആ അഹങ്കാരാധിക്യചെയ്തികൾ ഇന്നു നിഷ്ക്രിയരാക്കി നമ്മെ. ഈശ്വരൻ തന്ന ജ്ഞാന-കർമ്മ-ധനാദികളെല്ലാം ദാനത്തിനുള്ളവയാണ്. ആ വൈദിക ദാനക്രിയക്ക് മങ്ങലേറ്റപ്പോൾ മുഷ്ടിനിവർത്താൻ മടി തുടങ്ങിയപ്പോൾ നിയത്വമാരംഭിച്ചു. അന്നത് സ്വന്തം ജീവിതത്തിനുവേണ്ടത്ര മാത്രമെടുത്ത് ബാക്കി നാടിനായികൊടുത്തിരുന്നുവെങ്കിൽ ഇന്നു കാണുന്ന അഭദ്രതകളൊന്നും ഇവിടേയ്ക്കണുയമായിരുന്നില്ല. സ്വാർത്ഥവും ദുഷ്പ്രഭുത്വാഹന്തയും കൂടി. തിന്നൂല്ല്യാ, തീറ്റൂല്ല്യ എന്ന് പറയും മട്ട് ഈ വികൃത സംസ്കാരം, രോഗം പോലെ പാശ്ചാത്യാഭിനിവേശമാണ്. ജാതി ചോദിക്കേണ്ടതില്ല, മനുഷ്യൻ നന്നായാൽ മതി എന്ന പരിശുദ്ധവൈദികസംസ്കാരത്തിൽ കരിവാരിത്തേക്കുകയല്ലെ തങ്ങളെന്നഭിനയിച്ചു ഞെളിയുന്ന ഈ ദുഷ്പ്രഭുക്കൾ ചെയ്യുന്നത്.

ഈ നഗരത്തിലെ ഇന്നിവിടെ കാണുന്ന പരഃശതം പരിഷ്കൃത-പാശ്ചാത്യാനുകൃത ഭവനങ്ങൾ കൂര ചേരിപ്പുരകളായിരുന്നു. ഈ നഗരത്തിൽ നിന്ന് ഒഴുകി വരുന്ന അഴുക്കുചാലുകളായിരുന്നു അവരുടെ ജീവിതോപാധി. തമ്പുരാക്കന്മാരുടേയും അവരുടെ സ്തുതിപാഠകന്മാരുടേയും കാമകേളി വേദിയായിരുന്നുവല്ലോ ഈ ഭവനങ്ങൾ അന്ന് ? യജമാനൻ വരുത്തിക്കൊത്തിക്കൊത്തും. സ്തുതിപാഠകൻ ചെന്നു കൊത്തും. അത്രയേ ഭിന്നതയുള്ളു. മാതാപിതാക്കളുടേയും ബന്ധുമിത്രാദികളുടേയും അയൽക്കാരുടേയും സാന്നിദ്ധ്യത്തിൽ നിറപറയേയും ജ്വലിക്കുന്ന നിലവിളക്കിനേയും സാക്ഷിയാക്കി താലിചാർത്തി, മാലയിട്ട്, മോതിരം മാറി, വരിച്ച വരനെ പുറത്തിരുത്തി തമ്പുരാന്റേയും കുഴലൂത്തുകാരുടേയും കാമാർത്തി തീർക്കാൻ നിർബന്ധിതകളായി ഭവിക്കുന്നു.

'വിശാലമായ അമ്പലങ്ങളും ഇതുതന്നെയല്ലെ?' പാച്ചന് സംശയം. അടികാണത്തക്കവണ്ണം ഇളനീരൊത്ത് നിറഞ്ഞൊഴികിയിരുന്ന പെരുങ്കുളം തന്നെയാണോ ഇത്? ഈ മാലചണ്ടികൾ എങ്ങിനെ ഇതിൽ വന്നടിഞ്ഞു? കരിങ്കൽപ്പടവ് നിത്യേന ഉരച്ചുകഴുകി വൃത്തിയാക്കി വിസ്തൃതവും മനോഹരവുമാക്കി വെച്ചിരുന്ന ഈ കടവ് ഇത്രയും വൃത്തികെട്ടതാക്കാൻ ആർക്കു തോന്നി. കാലവൈഭവം, വിധിവൈപരീത്യം, ദുഷ്പ്രഭുത്വോൽപ്പന്നം എന്നൊക്കെയേ പറയാനൊക്കൂ. പാച്ചൻ നിസ്സഹായനായി ശൂന്യതയിൽ കൈവീശിവെള്ളത്തിലേക്കിറങ്ങി.

"വഴുക്കലുണ്ടാകും. സൂക്ഷിക്കണം. പണ്ടത്തെകാലമല്ല ഇപ്പോൾ. പണ്ടത്തെ പ്രതാപവും ഇന്നത്തെ ദയനീയതയും കാലവൈപരീത്യമെന്നല്ലാതെ എന്തുപറയാൻ" വാരിയർ പാച്ചന്റെ സ്വപ്നമുണർത്തി.

*(തുടരും)*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*